REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്തിന്റെ സുസ്ഥിര വികസനത്തിന് നാവികസേനയുടെ പങ്ക് നിർണായകമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **ഇന്ന് നാവിക സേനാ ദിനം.**
- **ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ ഇന്ന് ഇന്ത്യയിലെത്തും.**
- **തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിലെ പ്രചാരണത്തിന് നാല് ദിവസം ശേഷിക്കെ വീറും വാശിയുമായി സ്ഥാനാർത്ഥികളും മുന്നണികളും.**
- **ഇന്ത്യ-ദക്ഷിണാഫ്രിക്ക രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യ നാല് വിക്കറ്റിന് പരാജയപ്പെട്ടു.**

## വാർത്തകൾ വിശദമായി

സുസ്ഥിര വികസനത്തിന് ഉത്തേജനം നൽകുന്ന ബ്ലൂ ഇക്കോണമിയുടെ സാധ്യതകളിൽ രാജ്യം ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നും അതിൽ ഇന്ത്യൻ നാവികസേനയുടെ പങ്ക് നിർണായകമാണെന്നും രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. കടൽ വഴികൾ സുരക്ഷിതമാക്കിയും സമുദ്ര വിഭവങ്ങൾ സംരക്ഷിച്ചും നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടഞ്ഞും സമുദ്ര ഗവേഷണത്തെ പിന്തുണച്ചും നാവികസേന രാജ്യത്തിന് കരുത്ത് നൽകുന്നതായും രാഷ്ട്രപതി പറഞ്ഞു. ശംഖുമുഖത്ത് നാവികസേനാ ദിനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച അഭ്യാസ പ്രകടനങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി.

ചടങ്ങിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് K ത്രിപാഠി സദസിനെ അഭിസംബോധന ചെയ്തു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രിമാരായ സുരേഷ് ഗോപി, സഞ്ജയ് സേഠ്, ദക്ഷിണ നാവികസേനാ കമാൻഡ് മേധാവി വൈസ് അഡ്മിറൽ സമീർ സക്സേന, ചീഫ് സെക്രട്ടറി ഡോ.A ജയതിലക് തുടങ്ങിയവർ പങ്കെടുത്തു. നാവികാഘോഷങ്ങളിൽ പങ്കെടുക്കാൻ തിരുവനന്തപുരത്തെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു രാവിലെ ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

ഇന്ന് നാവിക സേനാ ദിനം. 1971ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ നാവിക സേനയുടെ ഉജ്ജ്വല പോരാട്ട വീര്യവും അഭേദ്യമായ കരുത്തും പ്രകടമാക്കിയ 'ഓപ്പറേഷൻ ട്രൈഡന്റ്' ആക്രമണത്തിന്റെ ഓർമ്മക്കായാണ് ഡിസംബർ നാല് നാവിക സേനാ ദിനമായി ആഘോഷിക്കുന്നത്. ബംഗ്ലാദേശ് വിമോചന യുദ്ധത്തിൽ പാകിസ്ഥാന്റെ നാവിക സേനാ കേന്ദ്രമായ കറാച്ചി തുറമുഖത്ത് ഇന്ത്യൻ നാവിക സേന കപ്പൽവേധ മിസൈലുകൾ ഉപയോഗിച്ച് ആഞ്ഞടിക്കുകയായിരുന്നു. ഡിസംബർ മൂന്നിന് പാകിസ്ഥാൻ ഇന്ത്യയിലെ വ്യോമ താവളങ്ങൾക്ക് നേരെ നടത്തിയ ആക്രമണത്തിന് തിരിച്ചടിയായിരുന്നു കറാച്ചിയിലെ പ്രത്യാക്രമണം.

രാജ്യത്തിന് വേണ്ടി പരമത്യാഗം ചെയ്ത നാവിക സേനാംഗങ്ങളുടെ ധൈര്യത്തിനും ധീരതയ്ക്കും പോരാട്ട ശേഷിക്കും നൽകുന്ന ആദരമാണ് ദിനാഘോഷം.

✪✪✪

നാവിക ദിന തലേന്നാളായ ഇന്നലെ  വൈകിട്ട് തിരുവനന്തപുരം ശംഖുമുഖത്ത് സംസ്ഥാനം ഇതുവരെ കാണാത്ത നാവിക അഭ്യാസ പ്രകടനങ്ങളാണ് അരങ്ങേറിയത്. രാഷ്ട്രപതി ദ്രൗപദി മുർമു ആയിരുന്നു അഭ്യാസ പ്രകടനങ്ങളിലെ മുഖ്യാതിഥി. നാവിക സംഘത്തിന്റെ ഗാർഡ് ഓഫ് ഓണറോട് കൂടിയാണ് വിമാനത്താവളത്തിൽ രാഷ്ട്രപതിയെ എതിരേറ്റത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി....

........വോയ്സ്......

തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ രാഷ്ട്രപതിക്ക്  150 അംഗ നാവിക സംഘത്തിന്റെ ഔപചാരിക ഗാർഡ് ഓഫ് ഓണർ നൽകി. തുടർന്ന് ശംഖുമുഖത്തെ വേദിയിലെത്തിയ രാഷ്ട്രപതിക്ക് നാവികസേന എംഎച്ച്  60 ആർ ഹെലികോപ്ററർ സല്യൂട്ടും നൽകി. തുടർന്നായിരുന്നു നാവിക ശക്തി

പ്രകടനങ്ങളുടെ തുടക്കം. ഐഎൻഎസ് വിക്രാന്ത് അടക്കം ഇരുപതിലേറെ നാവിക കപ്പലുകളും അന്തർവാഹിനികളും നാവിക വിമാനങ്ങളും നാവിക ദിനത്തിന്റെ തലേന്നു നടത്തിയ ഈ അഭ്യാസ പ്രകടനങ്ങളിൽ പങ്കെടുത്തു. ദേശീയ പതാകയും നാവിക പതാകയും വഹിച്ചു കൊണ്ട് ചേതക് ഹെലികോപ്റ്ററുകൾ എത്തിയതോടെ കാണികളിൽ ആവേശവും വർധിച്ചു. തുടർന്ന് പ്രതിരോധവും ആക്രമണവും രക്ഷാ പ്രവർത്തനങ്ങളും എല്ലാം ഉൾപ്പെടുത്തിയുള്ള നാവിക പ്രകടനങ്ങളുടെ നിരയായിരുന്നു ശംഖുമുഖത്ത് അരങ്ങേറിയത്. നാവിക ബാൻഡിന്റെ ബീറ്റിങ് റിട്രീറ്റും കമ്യൂണിറ്റി ഡ്രില്ലുമായി നാവിക പ്രകടനങ്ങൾ അവസാനിച്ചതോടെ തീരത്തോട് ചേർന്നു കിടന്നിരുന്ന നാവിക കപ്പലുകളിൽ അലങ്കാര വിളക്കുകളും തെളിഞ്ഞു.

✪✪✪

ഇന്ത്യൻ നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് K. ത്രിപാഠി മുഖ്യമന്ത്രി പിണറായി വിജയനുമായി സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ ചേംബറിൽ കൂടിക്കാഴ്ച നടത്തി. നാവിക ദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ അദ്ദേഹം മുഖ്യമന്ത്രിയെ ഔദ്യോഗികമായി ക്ഷണിച്ചു. നാവിക സേനയുടെ ഉപഹാരവും മുഖ്യമന്ത്രിക്ക് സമ്മാനിച്ചു.

✪✪✪

സെൻട്രൽ എക്സൈസ് ഭേദഗതി ബിൽ 2025 ലോക്സഭ പാസ്സാക്കി. സിഗരറ്റ്, ചുരുട്ട് എന്നിവയടക്കം പുകയില ഉൽപ്പന്നങ്ങളുടെ എക്സൈസ് തീരുവയും സെസ്സും വർധിപ്പിക്കുന്നതിനാണ് 1944-ലെ കേന്ദ്ര എക്സൈസ് നിയമം ഭേദഗതി ചെയ്തത്.

പുകയില ഉൽപ്പന്നങ്ങളുടെ നികുതി വർധി പ്പിക്കണമെങ്കിൽ ഭേദഗതി അത്യാവശ്യമായിരുന്നുവെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ ചർച്ചയ്ക്ക് നൽകിയ മറുപടിയിൽ അറിയിച്ചു. ഉയർന്ന വിലയും നികുതി നിരക്കും ആളുകളെ പുകയില ഉപഭോഗത്തിൽ നിന്ന് പിന്തിരിപ്പിക്കുമെന്നും ധനമന്ത്രി അഭിപ്രായപ്പെട്ടു.

കേന്ദ്രത്തിനു ലഭിക്കുന്ന തീരുവയിൽനിന്ന് 41 ശതമാനം നികുതി വിഭജനത്തിലൂടെ സംസ്ഥാനങ്ങൾക്ക് ലഭിക്കുമെന്നും നിർമ്മല സീതാരാമൻ പറഞ്ഞു.

✪✪✪

23-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ ഇന്ന് ഇന്ത്യയിലെത്തും. രണ്ട് ദിവസത്തെ സന്ദർശനത്തിനിടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി പുടിൻ നാളെ ചർച്ച

നടത്തും. പരസ്പര താല്പര്യ ആഗോള പ്രാദേശിക വിഷയങ്ങളിൽ ഇരുവരും ആശയങ്ങൾ കൈമാറും. വ്യാപാരം, സമ്പദ്‌വ്യവസ്ഥ, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, സംസ്കാരം, മാധ്യമങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിരവധി കരാറുകളിൽ ഇരുനേതാക്കളും ഒപ്പു വയ്ക്കും.

രാഷ്ട്രപതി ദ്രൗപതി മുർമു പുട്ടിന് അത്താഴ വിരുന്ന് ഒരുക്കിയിട്ടുണ്ട്.

✪✪✪

ഇന്നലെ വൈകിട്ട് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട്കോടി 55 ലക്ഷം കവിഞ്ഞതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 91.61 ശതമാനമാണിത്. വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 16 ലക്ഷത്തി 32,000-ത്തിലേറെയായെന്നും അദ്ദേഹം പറഞ്ഞു. ഫോമുകൾ സ്വീകരിക്കാനും അപ് ലോഡ് ചെയ്യാനും തയ്യാറാക്കിയ ക്യാമ്പുകൾ ഇന്നും തുടരും.

✪✪✪

ഇടുക്കി മൂലമറ്റം പവർ ഹൗസിലെ പെൻസ്റ്റോക്ക് അറ്റകുറ്റ പണികൾ പൂർത്തീകരിച്ചു. ഇന്ന് ജനറേറ്ററുകളുടെ ട്രയൽ റണ്ണും, വൈദ്യുതി ഉൽപ്പാദനവും പുനരാരംഭിക്കും. മൂലമറ്റം മുതൽ മലങ്കര വരെ കനാലിൽ വെള്ളത്തിന്റെ അളവ് കൂടുമെന്നും തീരവാസികൾ ജാഗ്രത പുലർത്തണമെന്നും ഡെപ്യൂട്ടി ചീഫ് എൻജിനീയർ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിലെ പ്രചാരണത്തിന് നാല് ദിവസം ശേഷിക്കെ വീറും വാശിയുമായി സ്ഥാനാർത്ഥികളും മുന്നണികളും. പരമാവധി വോട്ടർമാരെ നേരിൽക്കണ്ട് വോട്ടുറപ്പിക്കുന്ന തിരക്കിലാണ് സ്ഥാനാർത്ഥികൾ. വാർഡ് - പഞ്ചായത്ത് - മുനിസിപ്പൽ തല റാലികൾ സംഘടിപ്പിച്ച് കരുത്തു തെളിയിക്കുന്ന തിരക്കിലാണ് നേതാക്കളും പ്രവർത്തകരും.

✪✪✪

മലയോര ജില്ലയായ ഇടുക്കിയിൽ പ്രചാരണം ശക്തമായി. മുന്നണികൾ ജില്ലാ - മണ്ഡലം തല കൺവെൻഷനുകൾ പൂർത്തിയാക്കിക്കഴിഞ്ഞു.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണൻ...

.......വോയ്സ്........

ഹൈറേഞ്ച് മേഖലയിലെ തണുപ്പും ലോറേഞ്ചിലെ ചൂടും വക വയ്ക്കാതെ മലയോര ജില്ലയായ ഇടുക്കിയിൽ തിരഞ്ഞെടുപ്പ് രംഗം അക്ഷരാർത്ഥത്തിൽ കൊടുമ്പിരി കൊണ്ടിരിക്കുകയാണ്.

തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ ഉൾപ്പെടുത്തിയ നോട്ടീസുമായി ബൂത്ത് തലം കേന്ദ്രീകരിച്ചുള്ള പ്രചരണങ്ങൾക്ക് പുറമേ സ്ഥാനാർത്ഥികളുടെ നേതൃത്വത്തിൽ വീടുകൾ കയറിയുള്ള വോട്ട് തേടലാണ് ഇപ്പോൾ നടക്കുന്നത്. വരും ദിവസങ്ങളിൽ സ്ലിപ്പുമായുള്ള വീട് കയറ്റം തുടങ്ങും. വിവിധ മുന്നണികൾക്കായി പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ, ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖരൻ ഇതിനോടകം ഇടുക്കിയിൽ പ്രചാരണത്തിനെത്തി. ജില്ലയിൽ നിന്നുള്ള മന്ത്രിയും എം.പിയും എം.എൽ.എമാരും ജില്ലാ - സംസ്ഥാന നേതാക്കളും പ്രചാരണത്തിന് നേതൃത്വം നൽകി സജീവമായി രംഗത്തുണ്ട്. ബോർഡ് - ചുവര് എഴുത്തുകളും നേരിടുള്ള വോട്ടഭ്യർഥനക്കും ഒപ്പം സാമുഹിക മാധ്യമങ്ങളിലും പ്രചാരണം ശക്തമാണ്.

✪✪✪

കൊല്ലം ജില്ലയിലും തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. വിജയം തേടുന്ന സ്ഥാനാർത്ഥികൾ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിലാണ്.

കൊല്ലത്ത് നിന്ന് നീരജ്‌ലാൽ...

.....വോയ്സ്........

✪✪✪

ശബരിമലയിൽ മണ്ഡല-മകര വിളക്ക് സീസൺ 18 ദിവസം പിന്നിട്ടപ്പോൾ ദർശനത്തിനെത്തിയ തീർത്ഥാടകരുടെ എണ്ണം 15 ലക്ഷം കവിഞ്ഞു. തിരക്ക് കുറഞ്ഞതിനാൽ സുഖദർശനം ലഭിച്ചതിന്റെ സന്തോഷത്തോടെയാണ് തീർത്ഥാടകർ മലയിറങ്ങുന്നത്.

തീർത്ഥാടന കാലയളവിൽ ഭക്തരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സന്നിധാനത്തെ വ്യാപാര സ്ഥാപനങ്ങളിൽ അഗ്നി രക്ഷാ സേന മിന്നൽ പരിശോധന നടത്തി. സുരക്ഷാ വീഴ്ചകൾ വരുത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി.

✪✪✪

ശബരിമല സന്നിധാനത്ത് വൈകിട്ട് വൃശ്ചിക തൃക്കാർത്തിക ദീപം തെളിയിക്കും. ദീപാരാധനയ്ക്ക് മുമ്പ് തന്ത്രിയാണ് തിടപ്പള്ളിയിൽ കാർത്തിക ദീപം ജ്വലിപ്പിക്കുന്നത്. തുടർന്ന് കൽവിളക്കുകളിലേക്ക് അഗ്നി പകരും.

സന്നിധാനത്തെ ദേവ പ്രതിഷ്ഠകൾക്ക് മുന്നിലും ദീപങ്ങൾ തെളിയിക്കും. മാളികപ്പുറത്ത് വിശേഷാൽ ദീപാരാധനയും ഉണ്ടായിരിക്കും. സന്നിധാനത്തും, പമ്പാ, നിലയ്ക്കൽ, എന്നിവിടങ്ങളിലും ദീപങ്ങൾ തെളിയിക്കും.

✪✪✪

ആലപ്പുഴ ചക്കുളത്ത് കാവ് പൊങ്കാല ഇന്ന്. വൃശ്ചിക തൃക്കാർത്തിക ദിനത്തിലാണ് പൊങ്കാലയിടുന്നത്.

ആലപ്പുഴയിൽ നിന്ന് R രവികുമാർ...

......വോയ്സ്......

✪✪✪

കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിൽ പ്രതിഷ്ഠാദിനം ഇന്ന് ആഘോഷിക്കും. വൃശ്ചികത്തിലെ കാർത്തികനാളിലാണ് ഭഗവതിയുടെ പ്രതിഷ്ഠ നടത്തിയതെന്നാണ് വിശ്വാസം. പുലർച്ചെ മൂന്നിന് ഇതുമായി ബന്ധപ്പെട്ട ചടങ്ങുകൾ ആരംഭിച്ചു. ക്ഷേത്രത്തിലെ കാർത്തിക വിളക്കും ഇന്നാണ്.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യ നാല് വിക്കറ്റിന് പരാജയപ്പെട്ടു. റായ്പൂരിൽ 359 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗ് ആരംഭിച്ച ദക്ഷിണാഫ്രിക്ക നാല് പന്തുകൾ ശേഷിക്കെ ആറ് വിക്കറ്റിന് 362 റൺസെടുത്തു.

ഇതോടെ മൂന്ന് മത്സര പരമ്പരയിൽ ഇരുടീമുകളും ഓരോ വിജയം നേടി. പരമ്പരയിലെ നിർണായക അവസാന മത്സരം മറ്റന്നാൾ വിശാഖപട്ടണത്താണ്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം FC, ഫോഴ്സ കൊച്ചിയെ നേരിടും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

കഥകളി അടക്കം കേരളീയ കലകളെ അന്താരാഷ്ട്ര തലത്തിലെത്തിക്കാൻ സാഹചര്യമൊരുക്കിയത് വള്ളത്തോൾ സ്ഥാപിച്ച കലാമണ്ഡലമാണെന്ന് പശ്ചിമ ബംഗാൾ ഗവർണ്ണർ CV ആനന്ദബോസ് അഭിപ്രായപ്പെട്ടു. വള്ളത്തോളിന്റെ ജന്മഗൃഹം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

മലപ്പുറം ചേന്നരയിലെ വള്ളത്തോൾ ഭവനത്തിൽ എത്തിയ ഗവർണ്ണറെ കുടുംബാംഗങ്ങൾ സ്വീകരിച്ചു. ഗവർണ്ണർ രചിച്ച 'മിത്തും സയൻസും-ഒരു പുനർവായന' എന്ന പുസ്തകത്തെകുറിച്ചുള്ള ചർച്ചയും സംഘടിപ്പിച്ചിരുന്നു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO: സി കെ സുബോധ്*